# ഏലൂർ മുനിസിപ്പാലിറ്റി

മുനിസിപ്പൽ ബിൽഡിംഗ്
ഉദ്യോഗമണ്ഡൽ
പിൻ - 683501

ഫോൺ ഓഫീസ് : 0484-254555
സെക്രട്ടറി : 0484-254566
E-mail ID : eloormunicipality@gmail.com

ആർ1-11224/23 10.01.2024

ഇന്റേണൽ വിജിലൻസ് ഓഫീസർ-2
ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസ്
എൽ എസ് ജി ഡി, എറണാകുളം

സർ,

വിഷയം: ഏലൂർ നഗരസഭ - റവന്യൂ വിഭാഗം- നവകേരള സദസ് മുമ്പാകെ ശ്രീ. ജമാൽ സമർപ്പിച്ച അപേക്ഷ- മറുപടി നൽകി റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1 ശ്രീ.ജമാൽ.റ്റി.കെ-യുടെEKM.0770071നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള പരാതി.
2 ഈ ഓഫീസിൽ നിന്ന് 23/12/2023 തീയതിയിലെ ഇതേ നമ്പറായി നൽകിയ മറുപടി.
3.ശ്രീ.ജമാൽ.റ്റി.കെ നഗരസഭയിൽ 05/01/2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

ഏലൂർ നഗരസഭ വാർഡ് 10 ലെ 162,163 നമ്പർ കെട്ടിടങ്ങൾക്ക് നികുതി ഒടുക്കാൻ സാധിക്കില്ല എന്നും ആയത് സാധ്യമാക്കി തരുന്നതിന് നടപടി സ്വീകരിക്കണം എന്നു കാണിച്ച് ബഹു.മുഖ്യമന്ത്രിയുടെ നവകേരള സദസ്സ് മുമ്പാകെ ഫയൽ ചെയ്ത സൂചന (1) അപേക്ഷ പ്രകാരം കക്ഷിക്ക് നഗരസഭയിൽ നിന്നും സൂചന(2) പ്രകാരം മറുപടി നൽകിയിരുന്നു. ആയതിൽ അധികൃതമായി നികുതി ഒടുക്കി വരുന്ന 10/161 നമ്പർ കെട്ടിടത്തിന്റെ മുൻഭാഗത്ത് 25.54 ച.മീ വിസ്തൃതിയിൽ അനധികൃത നിർമ്മാണം നടത്തി ഇതിൽ വ്യാപാരം നടത്തി വരുന്നതിനാൽ ടി ഭാഗം പൊളിച്ചു മാറ്റിയാൽ മാത്രമേ 10/162,163 എന്നീ കെട്ടിടങ്ങളുടെ ഫോം6 അപ്രൂവ് ചെയ്ത് നികുതി ഒടുക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയൂ എന്ന വിവരം കക്ഷിയെ അറിയിച്ചതിൻ പ്രകാരം ഇതിന് ടിയാൻ സൂചന(3) പ്രകാരം വിശദീകരണം നൽകിയതിൽ ടി ഭാഗം ഗ്രൗണ്ട് ഫ്ളോറിലെ കെട്ടിടത്തോട് ചേർത്താണ് നിർമ്മാണം നടത്തിയതെന്നും, ആയതിന് ആരും തടസ്സം പറഞ്ഞിട്ടില്ലാത്തതും, ഇത്തരത്തിൽ നടത്തിയ നിർമ്മാണം കെട്ടിടത്തിന്റെ മുൻഭാഗം തന്നെയാണ് എന്നുമാണ്.

എന്നാൽ നഗരസഭ റവന്യൂ ഇൻസ്പെക്ടറുടെ പരിശോധനയിൽ അനധികൃത നിർമ്മാണമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ടി നിർമ്മാണത്തിന്റെ അപ്രൂവ്ഡ് പ്ലാൻ ഉൾപ്പെടെയുള്ള യാതൊരു രേഖകളും കക്ഷി മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ലാത്തതാണ്. ടി രേഖകൾ എന്തെങ്കിലും ഹാജരാക്കുന്ന മുറയ്ക്ക് ടിയാളുടെ അപേക്ഷയിൽ തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
ഏലൂർ നഗരസഭ

ELOOR MUNICIPALITY
UDYOGAMANDAL P.O.